പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7797 15.07.2014-ൽ മറുപടിക്ക്

# കെ.എസ്.ആർ.ടി.സിയുടെ സാമ്പത്തിക തകർച്ച പരിഹരിക്കാൻ നടപടി

ചോദ്യം

ശ്രീ. എൻ. ഷംസുദ്ദീൻ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. നേരിടുന്ന സമ്പത്തിക തകർച്ച പരിഹരിക്കാൻ ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഏതെല്ലാം വിധത്തതിലാണ് എന്നുള്ള വിശദവിവരം നൽകാമോ; പുതുതായി പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കുമ്പോഴും അതിലൂടെ ഉണ്ടായേക്കാവുന്ന വരുമാന ചോർച്ച തടയുന്നതിനുള്ള മുൻകരുതൽ നടപടി സ്വീകരിക്കുമോ; | (ബി) | ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി ഒട്ടുമിക്ക വാണിജ്യപ്രാധാന്യമുള്ള സ്ഥലങ്ങളിലും ബസ് ടെർമിനലുകളും ഷോപ്പിംഗ് കോംപ്ലക്സുകളും നിർമ്മിച്ചുവരുന്നു. പുതുതായി പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കുമ്പോൾ അതിലൂടെ ഉണ്ടായേക്കാവുന്ന വരുമാന ചോർച്ച തടയുന്നതിന് വ്യക്തമായ നിബന്ധനകളോടെയും കരാർ വ്യവസ്ഥകളോടെയും ആയിരിക്കും ആയത് നടപ്പാക്കുന്നത്. |
| (സി) | ചെലവ് ചുരുക്കാനും കുറ്റമറ്റ രീതിയിലുള്ള ടെണ്ടറിംഗ്, പർച്ചേസ്, പരസ്യം നൽകൽ തുടങ്ങിയ ഇടപാടുകളിൽ സുതാര്യത ഉറപ്പാക്കാനും നടപടി സ്വീകരിക്കുമോ? | (സി) | ചെലവ് ചുരുക്കുന്നതിനും സുതാര്യത ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ